**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2155** **12-02-2024 - ൽ മറുപടിയ്ക്ക്**

**പ്രവാസി സാന്ത്വനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | മടങ്ങി വന്ന പ്രവാസി മലയാളികൾക്കും മരണമടഞ്ഞ പ്രവാസി മലയാളികളുടെ ആശ്രിതർക്കുമായി ആവിഷ്കരിച്ച സാന്ത്വനം പദ്ധതിയ്ക്കായി ഈ സാമ്പത്തിക വർഷം വകയിരുത്തിയ തുകയുടെയും ചെലവഴിച്ച തുകയുടെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | **സാന്ത്വന പദ്ധതിയ്ക്കായി 2023-24 സാമ്പത്തിക വർഷം 33 കോടി രൂപ വകയിരുത്തുകയും ആയതിൽ ഇതു വരെയായി 13,63,82,451/- രൂപ പദ്ധതി നടത്തിപ്പിന് ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഏകദേശം 13 കോടി രൂപ കൂടി ഈ സാമ്പത്തിക വർഷം തന്നെ വിതരണം ചെയ്യാനുള്ള നടപടി പൂർത്തിയായി വരുന്നു.** |
| (ബി) | മടങ്ങിയെത്തിയ പ്രവാസികളുടെ പുനരധിവാസവുമായി ബന്ധപ്പെട്ടുള്ള എൻഡിപിആർഇഎം പദ്ധതിയുടെ പ്രവർത്തനങ്ങൾക്കായി 2023-24 ൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, തീർപ്പാക്കാനുള്ള അപേക്ഷകരുടെ എണ്ണം എന്നിവ ലഭ്യമാക്കുമോ? | (ബി) | നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺഡ് എമിഗ്രൻസ് (എൻ ഡി പി ആർ ഇ എം) പദ്ധതിയുടെ **നടത്തിപ്പിനായി 2023-24 സാമ്പത്തിക വർഷം** 25 കോടി രൂപ വകയിരുത്തുകയും ആയതിൽ 17.56 കോടി രൂപ നാളിതുവരെയായി **ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.** ഈ **സാമ്പത്തിക** വർഷത്തിൽ ലഭിച്ച 1277 സബ്സിഡി അപേക്ഷകളിൽ 909 ക്ലെയിമുകൾ തീർപ്പാക്കിയിട്ടുണ്ട്, ബാക്കി 368 പേർക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ